# സ്ഥാപനത്തെ സംരക്ഷിക്കാൻ......
# ജീവനക്കാരായ നമുക്ക് ഒന്നിക്കാം

സഖാക്കളെ, സുഹൃത്തുക്കളെ, 17-02-2014

'പൊതുമേഖലാ സംരക്ഷണം' എന്ന നയം ഉപേക്ഷിക്കുകയും മാനേജ്മെന്റ് സംവിധാനം ദുർബലപ്പെടുത്തുകയും ചെയ്തതിന്റെ ഫലമായി കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങൾ "കൂട്ടക്കുരുതി" യ്ക്ക് വിധേയമാക്കപ്പെട്ടിരിക്കുന്നു. 2006-11ലെ എൽ.ഡി.എഫ് ഭരണം ശക്തിപ്പെടുത്തിയ പൊതു മേഖലാ സ്ഥാപനങ്ങളടക്കം രൂക്ഷമായ പ്രതിസന്ധിയെ നേരിടുകയാണ്. KSDP യുടെ മരുന്നുകൾ ആരോഗ്യവകുപ്പും മീറ്റർ കമ്പനിയുടെ മീറ്ററുകൾ KSEB യും വാങ്ങുന്നില്ല. അങ്ങനെ KSDP യും മീറ്റർ കമ്പനിയും പ്രതിസന്ധിയിലായി. ചേർത്തലയിലെ Auto cast അടച്ചു പൂട്ടാൻ B.I.F.R. ഉത്തരവിറക്കി. LDF ഭരണകാലത്ത് 175 കോടി വരെ ലാഭമുണ്ടാക്കിയ KMMLനഷ്ടത്തിലേക്ക് കൂപ്പുകുത്തി. ലാഭത്തിൽ പ്രവർത്തിച്ചിരുന്ന TTPയും നഷ്ടത്തിന്റെ കണക്കുകളാണ് പറയുന്നത്. KSEBയുടേയും KSRTCയുടേയും കാര്യം പറയാനില്ല. മെച്ചപ്പെട്ട വരുമാനവും ജീവിതസാഹചര്യങ്ങളുമുണ്ടായിരുന്ന ആയിരക്കണക്കിന് തൊഴിലാളികളും പെൻഷൻകാരും വഴിയാധാരമാകുന്ന അത്യന്തം അപകടകരമായ സ്ഥിതിവിശേഷത്തിലേയ്ക്കാണ് UDF സർക്കാർ പൊതുമേഖലാസ്ഥാപനങ്ങളെ നയിക്കുന്നത്. ഒരു പൊതുമേഖലാ ധനകാര്യ സ്ഥാപനത്തിലെ ജീവനക്കാർ എന്ന നിലയിൽ വളരെ ഗൗരവത്തോടും സത്യസന്ധമായും മുകളിൽ സൂചിപ്പിച്ച പ്രശ്നങ്ങളെയടക്കം വിലയിരുത്തണമെന്ന് ഞങ്ങൾ ആഗ്രഹിക്കുന്നു.

അത്ഭുതകരമായ വളർച്ചയാണ് കഴിഞ്ഞ ഇടതുഭരണത്തിൽ കെ.എസ്.എഫ്.ഇ നേടിയത്. പൊതുമേഖല സംരക്ഷണ തത്പരരായ എൽ.ഡി.എഫ് സർക്കാർ, ഇച്ഛാശക്തിയുള്ള മാനേജ്മെന്റ്, ആത്മാർപ്പണത്തോടെ കഠിനാധ്വാനം ചെയ്യുന്ന ജീവനക്കാർ എല്ലാം ഒത്തുചേർന്നപ്പോൾ സ്ഥാപനം വളർച്ചയുടെ പടവുകൾ കയറി. അസാധ്യമെന്ന് കരുതിയിരുന്ന കമ്പ്യൂട്ടറൈസേഷൻ കെ.എസ്.എഫ്.ഇയിൽ സാധ്യമായി. രാത്രിയെ പകലാക്കി ഈ ലക്ഷ്യം പൂർത്തിയാക്കിയ ജീവനക്കാർക്ക് 'അർഹമായ പാരിതോഷികം' എന്ന എൽ.ഡി.എഫ് സർക്കാരിന്റെ വാഗ്ദാനം പാലിക്കാൻ തുടർന്നു വന്ന യു.ഡി.എഫ് സർക്കാരും മാനേജ്മെന്റും തയ്യാറായില്ല എന്നുമാത്രമല്ല അർഹമായ പ്രമോഷനുകളും അട്ടിമറിച്ചു, 600 -ഓളം ജീവനക്കാരാണ് അസിസ്റ്റന്റ് മാനേജർ പദവിയ്ക്കുള്ള അർഹത നേടി പ്രമോഷന് വേണ്ടി വേഴാമ്പലിനെപ്പോലെ കാത്തിരിക്കുന്നത്. ആവശ്യത്തിലധികം ഒഴിവുണ്ടായിട്ടും, അസിസ്റ്റന്റ് തസ്തികയിലേയ്ക്കുള്ള പ്രമോഷൻ ഒഴിവുകൾ നികത്തുന്നില്ല. 26 പേർ റാങ്ക് ലിസ്റ്റിൽ അവശേഷിക്കുന്നു. ഇവരോടൊപ്പം യോഗ്യതനേടിയ ആദ്യ ബാച്ചിലെ ജീവനക്കാർ അസിസ്റ്റന്റുമാരായിട്ട് 2 വർഷം പൂർത്തിയാകുകയാണ്. ജീവനക്കാർ ഏറെ കാത്തിരുന്ന 10% പ്രമോഷന്റെ ഉത്തരവും അതിക്രൂരമായി അട്ടിമറിക്കപ്പെട്ടിരിക്കുന്നു. പ്രമോഷൻ ടെസ്റ്റുകളിലെ രാഷ്ട്രീയ പക്ഷപാതിത്വം മറനീക്കി പുറത്തുവന്നിരിക്കുന്നു ഐ.എം.ജിയുടെ വിശ്വാസ്യതയും ചോദ്യം ചെയ്യപ്പെടുകയാണ്. മാനേജർ പരീക്ഷയിലെ ഇന്റർവ്യൂവിനും ഗ്രൂപ്പ് ഡിസ്കഷനും പരാജയപ്പട്ടവരെല്ലാം തന്നെ OU -ന്റെ അംഗങ്ങളും നേതാക്കന്മാരുമാണ്. ആഡിറ്റ് ചുമതലയുടെ ഭാഗമായി ഭരണകക്ഷിയൂണിയൻ നേതാക്കന്മാരുടെ അഴിമതി പുറത്തുകൊണ്ടുവന്നരെയടക്കം തെരഞ്ഞുപിടിച്ചു തോൽപ്പിച്ചു. സ്ഥലം മാറ്റങ്ങളിലും പ്രമോഷനുകളിലും രാഷ്ട്രീയ പക്ഷപാതിത്വം തുടരുകയാണ്. 2014 ജനുവരി 16നും 31നും ഇറക്കിയ അസ്സി.മാനേജർ, മാനേജർ പ്രമോഷനുകളിൽ നഗ്നമായ നിയമലംഘനവും അഴിമതിയും നടത്തിയിരിക്കുകയാണ്. ഭരണാനുകൂല സംഘടനയിലെ നേതാക്കളോ മറ്റ് ചില പരിഗണനകളോ ആണ് മാനേജ്മെന്റിന്റെ മാനദണ്ഡം. വനിതകളടക്കം നിരവധി ജീവനക്കാരെ ഹോസ്റ്റൽ സൗകര്യം പോലുമില്ലാത്ത മലയോരമേഖലയിലേക്ക് പ്രമോട്ട് ചെയ്ത് നിയമിച്ചിരിക്കുകയാണ്. അസ്സി.മാനേജർ പ്രമോഷനിൽ പത്തനംതിട്ട ജില്ലയിലെ സ്റ്റാഫ് അസ്സോസിയേഷൻ അംഗമായ ഒന്നാം റാങ്കുകാരി

സ:വത്സലയെ മലപ്പുറം ജില്ലയിലെ പാണ്ടിക്കാടാണ് നിയമിച്ചത്. എന്നാൽ 31-ാം റാങ്കുകാരൻ FEEA ജില്ലാ സെക്രട്ടറി അയ്യൂബ്ഖാനെ അതേ ജില്ലയിൽതന്നെ സൗകര്യപ്രദമായി നിയമിച്ചു. മാനേജർ പ്രമോഷനിൽ 36-ാം റാങ്കുകാരനെ അതേ ശാഖയിൽ തന്നെ പ്രമോട്ട് ചെയ്ത് നിയമിച്ചു. ബഹു. ഹൈക്കോടതിയുടെ നിർദ്ദേശപ്രകാരം നടപ്പാക്കിയ Transfer norms ലെ ക്ലാസ് 3-ന്റെ ലംഘനമാണിത്. യു.ഡി.എഫ് സർക്കാർ അധികാരത്തിൽ വന്നശേഷം പാർട് ടൈം ജീവനക്കാർ മുതൽ ചീഫ് മാനേജർ വരെയുള്ളവരോടുള്ള പീഢനപരമ്പര തുടരുകയാണ്. ഹൃദയസംബന്ധമായ അസുഖങ്ങൾ ഉള്ളവർ, വനിതകൾ, ഗർഭിണികൾ എന്നിവരുടെ ന്യായമായ സ്ഥലം മാറ്റ അപേക്ഷകൾ പോലും പരിഗണിക്കുന്നില്ല.

HOയും റീജിയണൽ ഓഫീസുകളും ഭരണകക്ഷി യൂണിയൻ നേതാക്കന്മാരെകൊണ്ട് കുത്തി നിറച്ചിരിക്കുന്നു. അന്യായമായ ബിസിനസ്സ് ടാർജറ്റുകൾ അടിച്ചേൽപ്പിക്കുന്നതും പൊള്ളച്ചിട്ടികൾ ചെയ്യാൻ ശാഖകളെ പ്രേരിപ്പിക്കുന്നതും ഇവർ തന്നെ. എന്നാൽ തെരുവിലും ഓഫീസിലും ഇടപാടുകാരോട് നിരന്തരം സംവദിക്കേണ്ട ശാഖകളിലെ ജീവനക്കാർ നെട്ടോട്ടമോടുകയാണ്. ശാഖകളിൽ മെച്ചപ്പെട്ട സൗകര്യം ഒരുക്കുന്നതിനോ, എന്തിന് ആവശ്യമായ സ്റ്റേഷനറികൾ എത്തിക്കാനോ പോലും കഴിയുന്നില്ല. H.O യിൽ ചെയർമാനൊഴികെ ബാക്കിയെല്ലാവരും ഇപ്പോൾ ഇൻചാർജുകാരാണ്. 20,000 കോടി ടേണോവറുള്ള കെ.എസ്.എഫ്.ഇക്ക് കഴിഞ്ഞ രണ്ടരവർഷമായി ഒരു സ്ഥിരം എം.ഡിയില്ല. ഭരണകക്ഷി യൂണിയൻ നേതാക്കൾ ഇൻചാർജുകാരെ ഭീഷണിപ്പെടുത്തി അവരുടെ സ്ഥാപിത താത്പര്യങ്ങൾ സംരക്ഷിക്കുകയാണ്. സ്ഥാപനത്തിനും ജീവനക്കാർക്കും ഇൻചാർജ് ഭരണം ഫലത്തിൽ ദോഷം ചെയ്യുകയാണ്.

KSFE നിക്ഷേപങ്ങളുടെ Cost of Fund ശരാശരി 12% ആണ്. ശരാശരി 15% നിരക്കിൽ വായ്പ നൽകി വരുമാനം വർദ്ധിപ്പിക്കേണ്ട കോടികൾ 8.5 % പലിശയ്ക്ക് ട്രഷറിയിൽ നിക്ഷേപിച്ചിരിക്കുകയാണ്. ഭീമമായ സാമ്പത്തിക നഷ്ടമാണ് ഇതുമൂലം KSFE യ്ക്ക് സംഭവിച്ചുകൊണ്ടിരിക്കുന്നത്. ഈ തുക പിൻവലിച്ച് KSFE ക്ക് ഗുണകരമായ ആസ്തിയായി പരിവർത്തനപ്പെടുത്തേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. കൂടാതെ കേന്ദ്ര ചിട്ടി ആക്ട് നിലവിൽ വന്നതിനു ശേഷം 600 കോടിയോളം രൂപ ചിട്ടി സെക്യൂരിറ്റി നിക്ഷേപമായി KSFE ട്രഷറിയിൽ അടച്ചിട്ടുണ്ട്. ഇതിന് പലിശ ലഭിക്കുന്നില്ല. ഈ പലിശ വരുമാനവും അതിന്റെ പുനർവായ്പാ സാധ്യതകളും പരിശോധിച്ചാൽ പ്രതിവർഷം 70 കോടിയോളം രൂപയുടെ സാമ്പത്തികനഷ്ടം KSFEയ്ക്കുണ്ടാകും. മാത്രമല്ല കേന്ദ്രചിട്ടി നിയമം അനുസരിച്ച് ചിട്ടി സെക്യൂരിറ്റി തുക ബാങ്കിൽ നിക്ഷേപിച്ചാൽ ഉയർന്ന പലിശ ലഭിക്കുകയും ചെയ്യും. KSFEയുടെ ലാഭം (Profit) വർദ്ധിച്ചുവെന്ന് പറയുമ്പോഴും ലാഭക്ഷമതയിൽ നാം പിന്നോട്ടാണെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. 35% ഓളം ശാഖകൾ നഷ്ടത്തിലാണ്. മുൻകാലങ്ങളിൽ നേടിയ ബിസിനസ്സ് വളർച്ചയുടെ ഭാഗമായുള്ള വരുമാന തള്ളിച്ചയിൽ മേൽ സൂചിപ്പിച്ച വസ്തുനിഷ്ഠ യാഥാർഥ്യങ്ങൾ കണ്ടില്ലെന്ന് നടിക്കുന്നത് ആത്മഹത്യാപരമായിരിക്കും. അടിക്കടി പൊതുമേഖലാ വിരുദ്ധ നയങ്ങൾ സ്വീകരിച്ചു കൊണ്ട് പൊതുമേഖലകളെ തകർക്കുകയും, പിന്നീട് തൊഴിലാളികളെയും ജീവനക്കാരെയും പഴിചാരി രക്ഷപ്പെടുകയും ചെയ്യുന്ന ശൈലിയാണ് വലതുപക്ഷ രാഷ്ട്രീയം പൊതുവ സ്വീകരിക്കുന്നത്. ഇതിന് അരു നിൽക്കാൻ അവസരവാദികളും അരാഷ്ട്രീയവാദികളും ഉണ്ടാകും. ഇവരുടെ ഇരയാകാൻ KSFE യെ അനുവദിക്കില്ല എന്ന ഉഗ്രപ്രതിജ്ഞയെടുക്കേണ്ട സമയമായെന്ന് ഞങ്ങൾ ജീവനക്കാരെ ഓർമ്മിപ്പിക്കുകയാണ്.

ഈ പ്രശ്നങ്ങൾ നിലനിൽക്കുമ്പോഴാണ് 'ഇടിവെട്ടേറ്റവനെ പാമ്പുകടിച്ചു' എന്നു പറഞ്ഞതുപോലെ KSFEയ്ക്ക് മേൽ അധിക സാമ്പത്തിക ഭാരം അടിച്ചേൽപ്പിച്ചുകൊണ്ട് ചിട്ടി രജിസ്ട്രേഷൻ ചാർജുകളും മറ്റ് ഫീസുകളും കുത്തനെ ഉയർത്തിക്കൊണ്ട് സർക്കാരുത്തരവായത്. തുടർന്ന് ബജറ്റിലൂടെ ചിട്ടി രജിസ്ടേഷൻ സ്റ്റാമ്പ് ചാർജ് ഇരട്ടിയായി വർദ്ധിപ്പിച്ചു. സഹകരണ ബാങ്കുകളും സൊസൈറ്റികളും നടത്തുന്ന ചിട്ടിക്ക് സമാനമായ എം.ഡി.എസിന് നിയമസാധുതയും നൽകിയിരിക്കുന്നു.

10 ലക്ഷം രൂപയുടെ ചിട്ടി രജിസ്റ്റർ ചെയ്യുമ്പോൾ നിലവിൽ സ്റ്റാമ്പ് ചാർജ് ഇനത്തിൽ 25,000/ രൂപയും (സലയുടെ 2.5%) Sec 9.(2) പ്രകാരം 750 രൂപയും Sec 7(1) പ്രകാരം 10 രൂപയും Sec 9(1) പ്രകാരം 2 രൂപയും Sec 10(2) രൂപയും ഉൾപ്പെടെ മൊത്തം 25,764 രൂപ ചെലവുണ്ടായിരുന്നു. എന്നാൽ

ഇനിമുതൽ സ്റ്റാമ്പ് ചാർജ് ആയി 50,000 രൂപയും (സലയുടെ 5%) Sec 9(2) പ്രകാരം 20,000 രൂപയും (സലയുടെ 2% Sec 7(1) പ്രകാരം 10,000 രൂപയും (സലയുടെ 1%) Sec 9(1) പ്രകാരം 30 രൂപയും Sec 10(2) പ്രകാരം 20 രൂപയും നൽകണം. അതായത് മൊത്തം 80,050 രൂപ. കൂടാതെ ചിട്ടി റൂൾ 20(1) പ്രകാരം 100 രൂപയും അടയ്ക്കണം. HO വഴി വാങ്ങുന്ന മുൻകൂർ അനുമതിക്ക് ഓരോ ചിട്ടിയ്ക്കും 100 രൂപാ ക്രമത്തിൽ അടയ്ക്കണം. പ്രതിമാസ മിനിട്സ് ഫയലിംഗ് ഫീ 2 രൂപ എന്നത് 20 രൂപയായും നൽകണം. പ്രതിവർഷ ബാലൻസ് ഷീറ്റ് ഫയലിംഗ് ഫീ ആയി 2000 രൂപ നൽകണം. കൂടാതെ Audited balance sheet filing fee (1956 Companies Act) ആയി പ്രതിവർഷം 500 രൂപ ക്രമത്തിൽ ഓരോ ശാഖയും അടയ്ക്കണം. ലാഭ വിഹിതം, ഗ്യാരന്റി കമ്മിഷൻ എന്നിവയായി സർക്കാർ ഖജനാവിൽ കോടിക്കണക്കിനു തുക അടയ്ക്കുന്ന കമ്പനിയാണ് കെ.എസ്.എഫ്.ഇ. ഗ്യാരന്റി കമ്മിഷൻ, സർവ്വീസ് ചാർജ് എന്നിവ ചെലവായി അംഗീകരിക്കാൻ ആദായ നികുതി വകുപ്പ് തയ്യാറാകാത്തതിനാൽ ഈ തുകയ്ക്കും നാം ആദായനികുതി കൊടുക്കുന്നു. ഈയിനത്തിൽ മാത്രം പ്രതിവർഷം 25 കോടിരൂപയുടെ പാഴ് ചെലവാണ് ഉണ്ടാകുന്നത്. കൂടാതെ ഫോർമാൻ കമ്മിഷന്റെ 12.50% സർവ്വീസ് ചാർജായും അടയ്ക്കുന്ന ഒരു സ്ഥാപനത്തിന്റെ തലയിലാണ് യു.ഡി.എഫ് സർക്കാർ ഈ അധിക ബാധ്യത കെട്ടിവച്ചത്. ഇക്കാര്യത്തിൽ ഭരണവിലാസം വാറോലക്കാർ അഭിപ്രായം വ്യക്തമാക്കണം. ഞങ്ങൾക്ക് ഒന്നേ പറയാനുള്ളൂ, അരുത്....... ഈ പൊൻമുട്ടയിടുന്ന താറാവിനെ കൊല്ലരുത്.

കേരളത്തിലെ ഓരോ പഞ്ചായത്തിലും ഒരു കെ.എസ്.എഫ്.ഇ. ശാഖയെന്നത് യശ്ശശരീരനായ സ.ഇ.കെ.നയനാരുടെ സ്വപ്നമായിരുന്നു ഇടതുപക്ഷ സർക്കാരുകളെല്ലാം തന്നെ ആ സ്വപ്നം യാഥാർത്ഥ്യമാക്കുന്നതിനുള്ള പരിശ്രമങ്ങളാണ് നടത്തിയത്. ഗ്രാമങ്ങളിലടക്കം ശാഖകൾ ആരംഭിച്ചു കൊണ്ട് കെ.എസ്.എഫ്.ഇ. ശാഖകളുടെ എണ്ണം വർദ്ധിപ്പിക്കാനുള്ള നിലവിലുള്ള മാനേജ്മെന്റിന്റെ പരിശ്രമത്തേയും ഞങ്ങൾ പിന്തുണയ്ക്കുകയാണ് ചെയ്തിട്ടുള്ളത്. നഗരങ്ങൾ കേന്ദ്രീകരിച്ച് അടുപ്പുകല്ലുകൾ പോലെ ശാഖകൾ ആരംഭിക്കുന്നതും അവ തമ്മിൽ അനാരോഗ്യകരമായ മത്സരം സൃഷ്ടിക്കുന്നതും പൊള്ളച്ചിട്ടികൾ പ്രോത്സാഹിപ്പിക്കുന്നതും മാറണം. സാധാരണജനങ്ങൾക്ക് പ്രാപ്തമാകുന്ന ചിട്ടികൾ ആരംഭിക്കുന്നതിന് സ്ഥാപനം മുൻഗണന നൽകണം. ഗ്രാമങ്ങളിലടക്കം ശാഖകൾ ആരംഭിക്കുന്നത് അതുകൊണ്ട് തന്നെ ഞങ്ങൾ പിന്തുണയ്ക്കുന്നു. എന്നാൽ ശാസ്ത്രീയമായ Feasibility Report ന്റെ അടിസ്ഥാനത്തിലായിരിക്കണം പുതിയ ശാഖകൾ ആരംഭിക്കേണ്ടത് . Educare chitty-വഴി ലക്ഷക്കണക്കിന് ഭാവിതലമുറയെ KSFE യിലേയ്ക്ക് ആകർഷിക്കാൻ കഴിയും. സുഗമ പദ്ധതിയുമായി ഇതിനെ Link ചെയ്യാൻ കഴിയണം. Cost of fund ഉയർന്ന് നില്ക്കുകയും NIM (Net Interest Margin) വളരെ ലോലവുമായ നമ്മുടെ സ്ഥാപനത്തിന്റെ സുഗമ പദ്ധതി വിപുലപ്പെടുത്താതെ മുന്നോട്ട് പോകാനാവില്ല. അനന്തസാധ്യതയുള്ള 'ഹരിതം' പദ്ധതിയെ യു.ഡി.എഫ് സർക്കാർ 'സരിതം' പദ്ധതിയാക്കി നാമാവശേഷമാക്കുകയും ചെയ്തു. ബാങ്കുകൾ ഹൗസിംഗ് ലോൺ മേഖലയിൽ 2009 മുതലുള്ള 5 വർഷം എടുത്ത തീവെട്ടികൊള്ള ആരെയും ഞെട്ടിപ്പിയ്ക്കും. 9.5% ൽ ആരംഭിച്ച പലിശനിരക്ക് 11.50% ആയി. EMI നിരക്ക് കുത്തനെ ഉയർത്തിയും തിരിച്ചടവു കാലാവധി ഏകപക്ഷീയമായി ഉയർത്തിയും കടുത്ത സാമ്പത്തിക ബാധ്യതയാണ് ബാങ്കുകൾ ഹൗസിംഗ് വായ്പക്കാരുടെ മേൽ കെട്ടിവച്ചത്. ഹൗസിംഗ് ലോൺ മേഖലയിൽ ശക്തമായി ഇടപെടാൻ കഴിയുന്ന സുവർണ്ണാവസരമാണ്. ജീവനക്കാർക്ക് അവബോധനം നൽകുകയും അവരെ വിശ്വാസത്തിലെടുത്തുകൊണ്ടും പോരായ്മകൾ പരിഹരിച്ചും നമ്മുടെ ഹൗസിംഗ് ലോണിനെ ജനപ്രിയമാക്കാൻ കഴിയും. എന്നാൽ ജീവനക്കാരുടെ പ്രതിനിധികളെ കൂടി ഉൾപ്പെടുത്തി ബിസിനസ് സബ് കമ്മിറ്റി യോഗം പോലും കഴിഞ്ഞ രണ്ടുവർഷമായി മാനേജ്മെന്റ് വിളിക്കുന്നില്ല. സ്ഥാപനത്തിന്റെ വളർച്ചയ്ക്കും വികാസത്തിനും ക്രിയാത്മകമായ സഹകരണം നൽകുന്ന SA-OU സംഘടനകളെ രാഷ്ട്രീയ പക്ഷപാതത്തിന്റെ പേരിൽ അകറ്റി നിർത്തുന്ന സമീപനം രണ്ടു വർഷമായിട്ടും മാറ്റമില്ലാതെ തുടരുകയാണ്. അതുകൊണ്ടുതന്നെ സ്ഥാപനത്തെ കെടുകാര്യസ്ഥതയിലേയ്ക്കും നാഥനില്ലാക്കളരിയായി മാറ്റിയതിന്റെയും ഉത്തരവാദിത്വത്തിൽ നിന്ന് ഭരണാനുകൂല സംഘടനകൾക്ക് മാറിനിൽക്കാനാവില്ല. കെ.എസ്.എഫ്.ഇ ആസ്ഥാനത്തെ ചില വ്യക്തികളെ മാറ്റി പകരം ചിലരെ കുടിയിരുത്തിയാൽ തീരുന്നതല്ല പ്രശ്നങ്ങൾ. വ്യക്തികളല്ല നയങ്ങളാണു പ്രശ്നം. സ്ഥാപന സംരക്ഷണം ജീവനക്കാരുടെ അവകാശ സംരക്ഷണം എന്നീ മുദ്രാവാക്യങ്ങളുടെ

അടിസ്ഥാനത്തിൽ ശക്തമായ ഐക്യവും സമരവും കൊണ്ടല്ലാതെ പ്രശ്നങ്ങൾ പരിഹൃതമാകുകയില്ല. രാഷ്ട്രീയവും വിഭാഗീയവുമായ അഭിപ്രായ വ്യത്യാസങ്ങൾ മാറ്റിവച്ച് ഒരുമിച്ച് അണിനിരക്കാൻ എല്ലാ വിഭാഗം ജീവനക്കാരോടും ഞങ്ങൾ അഭ്യർത്ഥിക്കുന്നു.

കേന്ദ്രസർക്കാരിന്റെ പ്രതിലോമനയങ്ങൾ രാജ്യത്തെ തൊഴിലാളികൾക്കും സമസ്ത വിഭാഗം ജനങ്ങൾക്കും മേൽ മഹാമാരിയായി പെയ്തിറങ്ങുന്ന കാലഘട്ടത്തിലൂടെയാണ് നാം കടന്നുപോകുന്നത്. സാധാരണക്കാരന് നൽകുന്ന പിച്ചകാശ് പോലും 'Misdirected Subsidy'എന്ന് വിലപിക്കുന്ന ഭരണവർഗ്ഗവും റിസർവ്ബാങ്കും, രാജ്യത്തെ പ്രകൃതിവിഭവങ്ങളും ഖജനാവ് തന്നെയും ശതകോടീശ്വരന്മാർക്ക് തീറെഴുതുന്നതിനെ ന്യായീകരിക്കുന്നു. പത്ര ദൃശ്യമാധ്യമങ്ങളുടെ പിന്തുണയോടെ വമ്പിച്ച ആക്രമണമാണ് തൊഴിലാളി വർഗ്ഗത്തിനുനേരെ ഇക്കൂട്ടർ നടത്തികൊണ്ടിരിക്കുന്നത്. കോടികളുടെ കിട്ടാക്കടമുള്ള ശതകോടീശ്വരന്മാരുടെ പേരുവിവരം വിവരാവകാശ നിയമം അനുസരിച്ച് ആവശ്യപ്പെട്ടാൽപോലും നൽകാൻ ബാങ്കുകൾ തയ്യാറാകുന്നില്ല. അസഹ്യമായ വിലക്കയറ്റം ജനങ്ങളുടെ നടുവൊടിക്കുകയാണ്. നിത്യോപയോഗ സാധനങ്ങളുടെ വില 253% മുതൽ 767% വരെ യു.പി.എ ഭരണത്തിൽ വർദ്ധിച്ചു. കഴിഞ്ഞ രണ്ട് മാസത്തിനുള്ളിൽ അടിസ്ഥാന ശമ്പളത്തിന്റെ 25% തുക അധികമായി ലഭിച്ചവരാണ് കെ.എസ്.എഫ്.ഇ ജീവനക്കാർ. എന്നാൽ ജീവനക്കാരുടെ 'OD' ബാലൻസ് ഇപ്പോഴും പഴയപടി തന്നെ. അത്ര ഭീകരമാണ് രാജ്യത്ത് വിലക്കയറ്റവും പണപ്പെരുപ്പവും സാധാരണക്കാരിൽ സൃഷ്ടിക്കുന്ന ആഘാതം. രൂപയുടെ മൂല്യം ഭീകരമായി ഇടിഞ്ഞിട്ടും ബോണസ് പരിധിയോ ആദായ നികുതി പരിധിയോ ഉയർത്താൻ പോലും സർക്കാർ തയ്യാറാകുന്നില്ല. വരുമാനത്തിന്റെ നല്ലൊരു ഭാഗവും ആദായനികുതിയടയ്ക്കേണ്ട സ്ഥിതിയിലേക്ക് അടിസ്ഥാനവിഭാഗം തൊഴിലാളികൾ വരെ എത്തിനിൽക്കുന്നു.

മുതലാളിമാരെ താലോലിക്കുന്ന കോൺഗ്രസ്, ബി.ജെ.പി നയങ്ങൾ രാജ്യത്തിനാപത്താണെന്ന് അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ ജനങ്ങൾ തിരിച്ചറിഞ്ഞിരിക്കുന്നു. പെൻഷൻ അട്ടിമറിയ്ക്കുന്നതിൽ, പെട്രോളിയം ഉത്പന്നങ്ങളുടെ വില നിർണയാവകാശം മുതലാളിമാർക്ക് കൈമാറുന്നതിൽ, ജനലോക്പാലിൽ കോർപ്പറേറ്റുകളെയും ഉൾപ്പെടുത്തണമെന്ന ഇടതുപക്ഷ നിർദ്ദേശം അട്ടിമറിക്കുന്നതിൽ, എല്ലാ ജനവിരുദ്ധ നയങ്ങൾക്കും വേണ്ടി പാർലമെന്റിൽ കോൺഗ്രസ്സും ബി.ജെ.പിയും കൈകോർത്തു. തെരഞ്ഞെടുപ്പ് സാഹചര്യത്തിൽ പോലും പ്രൊവിഡന്റ് ഫണ്ട് പെൻഷനിൽ തൊഴിലാളിവിരുദ്ധ നിർദ്ദേശങ്ങൾ കുത്തിത്തിരുകുകയാണ് സർക്കാർ ചെയ്തത്. മിനിമം പെൻഷൻ 1000 രൂപയായി ഉയർത്തിയതിന്റെ മറവിൽ പെൻഷനബിൾ സാലറി അവസാന 12 മാസ ശമ്പളത്തിന്റെ ശരാശരി എന്നത് മാറ്റി അവസാന 60 മാസ ശമ്പളത്തിന്റെ ശരാശരിയാക്കിയിരിക്കുന്നു. 20 വർഷം സർവ്വീസിന് ലഭിക്കുമായിരുന്ന 2 വർഷ സർവ്വീസ് ആനുകൂല്യവും എടുത്തു കളഞ്ഞിരിക്കുന്നു.

രാജ്യത്തിന്റെ മതനിരപേക്ഷതയും ഫെഡറൽ സംവിധാനവും ബദൽ സാമ്പത്തിക നയവും ഉയർത്തിപ്പിടിക്കുന്ന മൂന്നാം ശക്തി രൂപപ്പെട്ടുകഴിഞ്ഞു. ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ രാജ്യത്തിലെ തെരഞ്ഞെടുപ്പ് പ്രക്രിയ എന്നത് 'രാഹുൽ - മോഡി' പോരാട്ടമാക്കി ലളിതവത്കരിക്കാൻ ശ്രമിച്ച കുത്തക വ്യവസായികൾക്കും കുത്തകമാധ്യമങ്ങൾക്കും മൂന്നാം ചേരിയുടെ രൂപീകരണം രുചിച്ചിട്ടില്ല. അഴിമതിപ്പണം ഉപയോഗിച്ച് മാധ്യമങ്ങളെ വിലയ്ക്കെടുക്കാൻ കഴിയും. പക്ഷേ ജനങ്ങളെ വിലയ്ക്കെടുക്കാൻ കഴിയില്ല. ഇടിത്തീയായി വർഷിച്ച പ്രതിലോമനയങ്ങൾക്ക് തിരിച്ചടി നൽകാൻ ജനം കാത്തിരിക്കുന്നു. ഈ പുതുവർഷം അവർക്കുള്ളതാണ്. പ്രതീക്ഷയോടെ......... നമുക്ക് കാത്തിരിക്കാം. ഉണർന്ന് പ്രവർത്തിയ്ക്കാം.........

*അഭിവാദനങ്ങളോടെ,*

**KSFE SA-OU സംസ്ഥാന കോ-ഓർഡിനേഷൻ കമ്മിറ്റിക്കുവേണ്ടി**

**എസ്. മുരളികൃഷ്ണപിള്ള**
**ജനറൽസെക്രട്ടറി KSFE SA (CITU)**

**ജി. തോമസ് പണിക്കർ**
**ജനറൽസെക്രട്ടറി KSFE OU**

*ജി.വി. പ്രിന്റേഴ്സ്, ബാലരാമപുരം. ഫോൺ : 2400516*